**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2506** **07-07-2022 - ൽ മറുപടിയ്ക്ക്**

**മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഏതെല്ലാം സേവനങ്ങളാണ് 2022 ജൂലൈ മുതൽ ഓൺലൈനായി ലഭ്യമാകുകയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (എ) | വൻകിട ധാതുക്കളുടെ ഖനനാനുമതിയ്ക്കായുള്ള ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള മൊഡ്യൂളുകൾ 2020 നവംബർ 5 മുതൽ ലഭ്യമാണ്.<br>മൈനിംഗ് & ജിയോളജി വകുപ്പ് നൽകി വരുന്ന<br>1 . Quarrying Lease,<br>2 & 3. Quarrying Permit – Quantity based & Consolidated Royalty Payment System (CRPS),<br>4. K-Swift-KOMPAS Integration Software for Quarrying Permit for Ordinary Earth എന്നീ നാല് സേവനങ്ങളുടെ software കളുടെ രണ്ടാംഘട്ട Security Auditing നടന്നുവരുന്നു. ആയതു 15.07.2022 ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിലുള്ള പൊതുകുളങ്ങളിലെ ചെളിയും മാലിന്യങ്ങളും പായലുകളും നീക്കം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷ ഓൺലൈനായി നൽകാനാകുമോ; നടപടിക്രമം വിശദമാക്കാമോ; | (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പൊതുകുളങ്ങളിലെ ധാതുക്കൾ നീക്കം ചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ പൊതു ലേലം ചെയ്തതിനു ശേഷം ആയത് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിന് കത്ത് നൽകുകയും ജില്ലാ ജിയോളജി ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തി നിശ്ചിത റോയൽറ്റി ഒടുക്കി ആവശ്യമായ പാസുകൾ അനുവദിക്കുകയും ചെയ്യും. ഇത്തരം അപേക്ഷകൾ വകുപ്പിൽ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ആയിട്ടില്ല. |
| (സി) | പ്രളയത്തെ തുടർന്ന് സ്വകാര്യ വ്യക്തികളുടെ കൃഷിയിടങ്ങളിലും പുരയിടങ്ങളിലും വന്നടിഞ്ഞ മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് വിൽപ്പന നടത്തുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 പ്രകാരം സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകാറുണ്ടോ; എങ്കിൽ ഇതിനായുള്ള | (സി) | അനുമതി നൽകാറില്ല. എന്നാൽ ഡിസാസ്റ്റർ മാനേജ്മെന്റ് ശുപാർശ ചെയ്യുന്ന അപേക്ഷകൾ മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭിക്കുമ്പോൾ ആവശ്യമായ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു. നിലവിൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന മണ്ണിടിച്ചിൽ തുടങ്ങിയവ മൂലം വന്നടിയുന്ന |

| | | | |
|---|---|---|---|
| | അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും എങ്ങനെയന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | | മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസാസ്റ്റർ മാനേജ് മെന്റ് കമ്മിറ്റിക്കാണ് അപേക്ഷ നൽകേണ്ടത് |

സെക്ഷൻ ഓഫീസർ